**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ - പി.എച്ച്.സി. നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ കലവൂർ (വളവനാട്) പി.എച്ച്.സി.യിൽ കോവിഡ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിലെ കലവൂർ ആശുപത്രിയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാൻ വേണ്ടി ടി പദ്ധതിയുടെ നിർമ്മാണ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് നൽകുകയും അവർ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. |
| (ബി) | ആലപ്പുഴ ആര്യാട് പി.എച്ച്.സിക്ക് കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ ആര്യാട് പി.എച്ച്.സിക്ക് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പ് 113.78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 143 ലക്ഷം രൂപ ആവശ്യമായതിനാൽ മേൽ ഭരണാനുമതിപരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | ആലപ്പുഴ നെഹറു ട്രോഫി വാർഡിലെ ആശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനായി ഏത് ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തി നടപ്പിലാക്കുന്നതെന്നും ഇതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ? | (സി) | ആലപ്പുഴ നെഹറു ട്രോഫി വാർഡിലെ ആശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനായി 43 ലക്ഷം രൂപ NHM PIP യിൽ വെള്ളപ്പൊക്ക നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച് വർക്ക് ഓർഡർ ആയെങ്കിലും എം.എൽ.എ ഫണ്ടിൽ നിന്നും 1 കോടി രൂപ അനുവദിക്കാമെന്ന് അറിയിച്ചതിനാൽ ഇതും കൂടി ഉൾപ്പെടുത്തി കൊണ്ട് പ്രോജക്ട് റിവിഷൻ ചെയ്ത് പുതിയ DPR തയ്യാറായിക്കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ